# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5426** **18/11/2019-ന് മറുപടിക്ക്**

## കെ.എ.എസ് പരീക്ഷയ്ക്ക് മലയാളത്തിൽ ചോദ്യപേപ്പർ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ :** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളുടെ ചോദ്യ പേപ്പറുകൾ മലയാളത്തിൽ നൽകുമെന്ന് പി.എസ്.സി ഉറപ്പ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എല്ലാ പരീക്ഷകളും ഇംഗ്ലീഷ് മാധ്യമത്തിൽ അല്ല നടത്തുന്നത്. ഏറ്റവും കൂടുതൽ ഉദ്യോഗാർത്ഥികൾ അപേക്ഷകരായിട്ടുള്ള എൽ ജി എസ്, എൽ ഡി സി എന്നീ തസ്തികകളും പത്താംക്ലാസ് വരെ അടിസ്ഥാന വിദ്യാഭ്യാസയോഗ്യതയുള്ള എല്ലാ പരീക്ഷകളും മലയാളം /തമിഴ്/ കന്നഡ മാധ്യമത്തിലാണ് നടത്തുന്നത്. +2 തലം വരെ അടിസ്ഥാന വിദ്യാഭ്യാസയോഗ്യതയും സാങ്കേതിക യോഗ്യതകൾ ഇല്ലാത്തതുമായ തസ്തികകളുടെ പരീക്ഷകൾ കൂടി മലയാളത്തിലാക്കുവാൻ തീരുമാനമായിട്ടുണ്ട്. +2 വിന് മുകളിൽ ഉയർന്ന യോഗ്യതകൾക്കും സാങ്കേതിക യോഗ്യതകൾക്കും ശരിയായ രീതിയിൽ മലയാളത്തിലുള്ള ചോദ്യങ്ങൾ തയ്യാറാക്കാൻ പ്രയാസം നേരിടുന്നുണ്ട്. വിവിധ നാഷണൽ യൂണിവേഴ്സിറ്റികളിൽ നിന്നുള്ള ചോദ്യകർത്താക്കൾക്ക് മലയാളത്തിൽ ചോദ്യങ്ങൾ തയ്യാറാക്കുന്നതിനും അല്ലെങ്കിൽ ഇംഗ്ലീഷ് മാധ്യമത്തിലുള്ള ചോദ്യങ്ങൾക്ക് ശരിയായ വിവർത്തനം നൽകി മലയാളത്തിലേയ്ക്ക് മാറ്റുന്നതിനും പ്രയാസം നേരിടുന്നുണ്ട്. ഇത് ഒഴിവാക്കുന്നതിലേയ്ക്ക് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ, വിവിധ യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാർ, ഭാഷാവിദഗ്ധർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവരുടെ യോഗം കൂടുകയും |

സാങ്കേതികപദങ്ങളുടെ മലയാളപദങ്ങൾ കണ്ടെത്തി മലയാള പദാവലി തയ്യാറാക്കുന്നതിനുള്ള നിർദേശവും നൽകിയിട്ടുണ്ട്. ഈ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പരമാവധി പരീക്ഷകൾ മലയാളത്തിൽ നടത്തുവാൻ സാധിക്കുന്നതാണ്.

(ബി) കെ.എ.എസ് പരീക്ഷയ്ക്ക് മലയാളത്തിൽ ചോദ്യ പേപ്പർ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ?

(ബി) മുഖ്യപരീക്ഷയിൽ എല്ലാ ചോദ്യങ്ങൾക്കും മലയാളമാധ്യമത്തിലും ഉത്തരങ്ങൾ എഴുതാൻ കഴിയുന്നതാണ്. കെ.എ.എസിന്റെ പ്രാഥമിക പരീക്ഷയിൽ 30 മാർക്കിന് ഭാഷാചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ